Circular No. 144

Death Centenary of
Mar Makil

The Catholic Metrpolitan's House
P.B.No.71, Kottayam
Kerala, India - 686001

06/01/2014

പ്രിയ ദൈവജനമേ,

കോട്ടയം വികാരിയാത്തിന്റെ പ്രഥമ മെത്രാൻ ദൈവദാസൻ മാത്യു മാക്കീൽ പിതാവിന്റെ ചരമശതാബ്ദി സമാപനം 2014 ജനുവരി 18 മുതൽ 26 വരെ തീയതികളിൽ വിവിധ പരിപാടികളോടെ ഇടയ്ക്കാട് സെന്റ് ജോർജ്ജ് ക്നാനായ കത്തോലിക്ക ഫൊറോന പള്ളിയിൽ നടത്തപ്പെടുന്ന വിവരം നിങ്ങളെ അറിയിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ജനുവരി 18-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് വന്ദ്യപിതാവിന്റെ ജീവിതത്തെ കേന്ദ്രീകരിച്ച് നിർമ്മിച്ച മ്യൂസിയം ഇടയ്ക്കാട്ട് പുതുതായി നിർമ്മിച്ച വൈദീക മന്ദിരത്തോടനുബന്ധിച്ച് സജ്ജമാക്കിയത് വെഞ്ചരിക്കുന്നതാണ്. തുടർന്ന് എല്ലാ ദിവസങ്ങളിലും വൈകുന്നേരം 4 മണിക്ക് അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാനയും അനുസ്മരണ പ്രാർത്ഥനകളും നടത്തപ്പെടുന്നതുമാണ്.

ജനുവരി 25-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദൈവദാസൻ മാക്കീൽ പിതാവിന്റെ ജീവിത വിശുദ്ധിയുടെ വ്യത്യസ്ത തലങ്ങളെക്കുറിച്ച് സിമ്പോസിയം നടത്തപ്പെടുന്നതാണ്. കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പൊലിത്ത അഭി. മാർ കുര്യാക്കോസ് കുന്നശ്ശേരി ഉദ്ഘാടനം ചെയ്യുന്ന സിമ്പോസിയത്തിൽ നമ്മുടെ എല്ലാ ബഹു. വൈദികരും പങ്കെടുക്കണം. കൂടാതെ സന്യസ്തരുടെ പ്രതിനിധികളെയും പാരീഷ് കൗൺസിൽ അംഗങ്ങളിൽ നിന്നും രണ്ടിൽ കുറയാത്ത പ്രതിനിധികളെയും ഇടവകയിൽ നിന്നുള്ള അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും പങ്കെടുപ്പിക്കുന്നതിന് ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2.30 ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന സമൂഹ ബലിയിൽ സാധിക്കുന്നിടത്തോളം വൈദികർ പങ്കെടുക്കുവാൻ ശ്രദ്ധിക്കണം. വി. കുർബാനയെ തുടർന്ന് മേജർ ആർച്ച്ബിഷപ്പ് ഉദ്ഘാടനം ചെയ്യുന്ന സമാപന സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹ പ്രഭാഷണം നടത്തുന്നതാണ്. വന്ദ്യപിതാവിന്റെ ചരമദിനമായ ജനുവരി 26-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് മുൻ വർഷങ്ങളിലേതുപോലെ വി. കുർബാനയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. ഈ ദിവസങ്ങളിൽ ഇടവകകളിൽ നിന്നും സാധിക്കുന്നിടത്തോളം വിശ്വാസികളെ പങ്കെടുപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ അതിരൂപതയുടെ പ്രാർത്ഥനാലയമായ തൂവാനീസയോടനുബന്ധിച്ച് വിവിധ ഇടവകകളുടെയും സന്യാസിനി സമൂഹങ്ങളുടെയും അല്മായ സഹോദരങ്ങളുടെയും സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പ് കർമ്മം 2014 ജനുവരി 26-ാം തീയതി വൈകുന്നേരം 5.30 ന് നിർവ്വഹിക്കുന്ന വിവരവും ഇതോടൊപ്പം അറിയിക്കുന്നു. തദവസരത്തിൽ നിങ്ങളേവരുടെയും സാന്നിദ്ധ്യവും പ്രാർത്ഥനയും പ്രത്യേകം പ്രതീക്ഷിക്കുന്നു. നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ശക്തി സ്രോതസ്സായി ഈ പ്രാർത്ഥനാലയം മാറട്ടെ എന്നാശംസിച്ചുകൊണ്ട് പുതുവത്സരത്തിന്റെ എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം

മാർ മാത്യു മൂലക്കാട്ട്
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

1. ഈ സർക്കുലർ 2014 ജനുവരി 12-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.
2. ജനുവരി 19 -ാം തീയതി ഞായറാഴ്ച്ചത്തെ സ്തോത്രക്കാഴ്ച ചരമശതാബ്ദി ആഘോഷങ്ങളുടെ ചിലവിലേയ്ക്കായി അരമനയിൽ ഏൽപ്പിക്കേണ്ടതാണ്.